


# റബ്ബർകൃഷി ധനസഹായത്തിന് അപേക്ഷിക്കാം

റബ്ബർകൃഷിക്ക് ധനസഹായം നൽകുന്നതിന് റബ്ബർബോർഡ് അപേക്ഷ ക്ഷണിച്ചു. 2020, 2021 വർഷങ്ങളിൽ ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയ റബ്ബർകർഷകർക്ക് ധനസഹായത്തിന് അപേക്ഷിക്കാം. പരമാവധി രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ളവർക്ക് നിബന്ധനകൾക്ക് വിധേയമായി ഒരു ഹെക്ടറിന് ധനസഹായം ലഭിക്കാൻ അർഹതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ 'സർവ്വീസ് പ്ലസ്' എന്ന വെബ് പോർട്ടലിലൂടെ ഓൺലൈനായി 2022 ഒക്ടോബർ 31-നകം അപേക്ഷകൾ സമർപ്പിക്കാം.

അപേക്ഷയോടൊപ്പം സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം, കൃഷിചെയ്ത സ്ഥലത്തിന്റെ അതിരുകൾ രേഖപ്പെടുത്തിയ സ്കെച്ച്, ആധാറുമായി ബന്ധപ്പെടുത്തിയ ബാങ്ക് അക്കൗണ്ടിന്റെ (പാസ് ബുക്ക്) കോപ്പി, കൂട്ടുടമസ്ഥതയുള്ളവർക്കും മൈനറായ അപേക്ഷകർക്കുമുള്ള നോമിനേഷൻ എന്നിവ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഹെക്ടർപ്രതി കൃഷിധനസഹായമായി 20,000 രൂപയും നടീൽ വസ്തുവായി കപ്പുതൈയോ കൂടത്തൈയോ ഉപയോഗിച്ചവർക്ക് 5000 രൂപയും ചേർത്ത് ആകെ 25,000 രൂപയാണ് ധനസഹായം. തോട്ടം പരിശോധിച്ചതിനുശേഷം അർഹമായ ധനസഹായം കർഷകരുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതാണ്. വിശദവിവരങ്ങൾ www.rubberboard.org.in എന്ന വെബ്സൈറ്റിൽനിന്ന് ലഭിക്കും. കൂടുതൽ വിവരങ്ങൾ റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ, കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന കോൾസെന്റർ (0481 2576622) എന്നിവിടങ്ങളിൽനിന്ന് ലഭിക്കുന്നതാണ്.

## ധനസഹായത്തിന് അപേക്ഷിക്കുമ്പോൾ നൽകേണ്ട രേഖകൾ

**1 തിരിച്ചറിയൽ രേഖ**

വോട്ടർ ഐഡി, പാൻകാർഡ്, ഡ്രൈവിങ് ലൈസൻസ്, പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കോപ്പി ആവശ്യമാണ്.

**2. ബാങ്ക് പാസ്ബുക്ക്**

ആധാറുമായി ലിങ്ക് ചെയ്തിട്ടുള്ളതും പ്രവർത്തനനിരതമായതുമായ ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്ക് കോപ്പിയാണ് വേണ്ടത്. പേര്, മേൽവിലാസം, അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്. കോഡ് തുടങ്ങിയവ സംബന്ധിച്ച രേഖകൾ നൽകിയിരിക്കണം.

**3. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ**

ഉടമസ്ഥാവകാശം തെളിയിക്കുന്നതിന് വില്ലേജ് ഓഫീസർ നൽകുന്ന കൈവശാവകാശ സർട്ടിഫിക്കറ്റ് അഥവാ പൊസഷൻ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യണം. കൂടുതൽ പേജുകളുള്ളതിനാൽ ആധാരം അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യം സർവീസ് പ്ലസ് പോർട്ടലിൽ ലഭ്യമല്ലാത്തതിനാൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

**4. സ്ഥലത്തിന്റെ സ്കെച്ച്**

തോട്ടത്തിന്റെ അതിരുകൾ വ്യക്തമായി രേഖപ്പെടുത്തിയതും സ്ഥലത്തിന്റെ കിടപ്പ് നന്നായി മനസ്സിലാകുന്ന രീതിയിലുള്ളതുമായ സ്കെച്ച് ആവശ്യമാണ്. സർവേയർ തയ്യാറാക്കിയിട്ടുള്ള സർവേപ്ലാൻ കൈവശം ഉണ്ടെങ്കിൽ അത് അപ്‌ലോഡ് ചെയ്യാവുന്നതാണ്.

**5. തൈകൾ വാങ്ങിയ ബില്ല്/സത്യവാങ്മൂലം**

തൈകൾ വാങ്ങിയ ബില്ല് കൈവശം ഉണ്ടെങ്കിൽ അത് അപ്‌ലോഡ് ചെയ്യാം. ഇല്ലാത്തവർ തൈകൾ വാങ്ങിയതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു സത്യവാങ്മൂലം തയ്യാറാക്കി അപ്‌ലോഡ് ചെയ്താൽ മതി.

**6. നോമിനി ഫോം**

കൂട്ടുടമസ്ഥതയിലുള്ള സ്ഥലമാണെങ്കിൽ ഉടമകളിൽ ഒരാളെ ധനസഹായം വാങ്ങാൻ ചുമതലപ്പെടുത്തുന്ന 'നോമിനി ഫോം' ശരിയായ രീതിയിൽ പൂരിപ്പിച്ച് അപ്‌ലോഡ് ചെയ്യണം.

**7. മുക്ത്യാർ**

മുക്ത്യാർ ഉള്ള സ്ഥലമാണെങ്കിൽ അനെക്സർ 2 -ൽ കൊടുത്തിട്ടുള്ള 'ഡിക്ളറേഷൻ ഫോം' ശരിയായി പൂരിപ്പിച്ച് നോമിനി ഫോം അപ്‌ലോഡ് ചെയ്യേണ്ടതാണ്.

**8. ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്**

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കർഷകർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് കൂടി അപ്‌ലോഡ് ചെയ്യണം.

## ധനസഹായത്തുക

കൂടത്തൈകൾ/ കപ്പുതൈകൾ ഉപയോഗിച്ച് റബ്ബർകൃഷി ചെയ്തിട്ടുള്ള പൊതുവിഭാഗത്തിൽപെട്ട കർഷകർക്ക് ഹെക്ടറിന് ഇരുപത്തയ്യായിരം രൂപയും പട്ടികജാതിയിൽപെട്ട കർഷകർക്ക് ഹെക്ടറിന് നാൽപതിനായിരം രൂപയും ധനസഹായം ലഭിക്കാൻ അർഹതയുണ്ട്.

**അർഹത**

രണ്ടു ഹെക്ടർ വരെ റബ്ബർകൃഷിയുള്ള കർഷകർക്ക് പരമാവധി ഒരു ഹെക്ടർ സ്ഥലത്തിനാണ് ധനസഹായം നൽകുന്നത്. ആവർത്തനക്കൃഷി ചെയ്തവർക്കും പുതുക്കൃഷി ചെയ്തവർക്കും ധനസഹായം ലഭിക്കുന്നതാണ്.

ധനസഹായത്തിന് അപേക്ഷകൾ നൽകുന്നതിനുള്ള കുറഞ്ഞ വിസ്തൃതി 0.10 ഹെക്ടർ (25 സെന്റ്) ആണ്. രേഖകളിൽ നെൽവയൽ എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്ഥലത്തിന് ധനസഹായം നൽകുന്നതല്ല. റബ്ബർബോർഡിന്റെ പഴയ സ്കീം പ്രകാരമാണ് ഇത്തവണയും ധനസഹായം നൽകുന്നത്. പഴയ പദ്ധതിയിൽ നിലവിലുള്ള നിയമങ്ങൾ എല്ലാം തന്നെ 2020, 2021 എന്നീ വർഷങ്ങളിലെ അപേക്ഷകൾക്കും ബാധകമാണ്. (മറ്റു മരങ്ങളുടെ എണ്ണം, ഇടവിളക്കൃഷി തുടങ്ങിയ കാര്യങ്ങൾ).

## സർവീസ് പ്ലസ് പോർട്ടലിൽ അപേക്ഷ സമർപ്പിക്കുന്നവിധം

**പൊതുവായ കാര്യങ്ങൾ**

* റബ്ബർബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രവേശിക്കുക (rubberboard.gov.in).
* പ്രധാന മെനുവിലെ ആറാമത്തെ ഓപ്ഷനായ `E SERVICES' -ൽ നിന്നും `SERVICE PLUS' തെരഞ്ഞെടുക്കുക.
* പദ്ധതിയെ സംബന്ധിച്ച് ഇംഗ്ലീഷിലുള്ള വിശദീകരണമുണ്ട്. അവ നന്നായി വായിച്ചു മനസ്സിലാക്കുക. രജിസ്ട്രേഷൻ ചെയ്യാനും അപേക്ഷ സമർപ്പിക്കാനുമുള്ള വിശദമായ വിവരങ്ങൾ `Annexure' -ൽ കൊടുത്തിരിക്കുന്നത് ശ്രദ്ധയോടെ മനസ്സിലാക്കുക.

**രജിസ്ട്രേഷൻ നടപടികൾ**

* `Service Plus' -ൽ `Click to apply' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
* രജിസ്ട്രേഷൻ പേജിൽ കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൃത്യമായി രേഖപ്പെടുത്തുക. `Submit' ബട്ടണിൽ ക്ലിക്ക് ചെയ്യുക
* ലഭ്യമാകുന്ന `Validate' പേജിൽ കയറി `Validate' എന്ന് എഴുതിയിരിക്കുന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
* ഇ-മെയിലിൽ ലഭ്യമാകുന്ന `OTP' രേഖപ്പെടുത്തി `submit' ബട്ടൺ ക്ലിക്ക് ചെയ്യുക.
* രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായി.
* രജിസ്ട്രേഷൻ ഐഡിയും (ഇമെയിൽ ഐഡി) പാസ്‌വേഡും എഴുതിയെടുത്ത് സൂക്ഷിക്കേണ്ടതാണ്.

**ലോഗിൻ നടപടികൾ**

* ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുക.
* ലഭ്യമാകുന്ന ലോഗിൻ ഫോമിൽ ഇ-മെയിൽ ഐഡി പാസ് വേർഡ്, കാപ്ച്ച തുടങ്ങിയവ രേഖപ്പെടുത്തിയശേഷം ലോഗിൻ ബട്ടൺ ക്ലിക്ക് ചെയ്യുക.
* ലോഗിൻ നടപടികൾ പൂർത്തിയായി.

**അപേക്ഷാസമർപ്പണം**

* ഇടത്തു ഭാഗത്ത് കാണുന്ന മെനുവിൽ `Apply for services' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുക.
* തുടർന്ന് `view all available services' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യുമ്പോൾ പലവിധ സേവനങ്ങളെ സംബന്ധിച്ചുള്ള ലിസ്റ്റ് കാണാവുന്നതാണ്.
* വലതു ഭാഗത്തുള്ള `search' ബട്ടണിൽ `RUBBER' എന്ന് ടൈപ്പ് ചെയ്യുക.
* അപ്പോൾ `Rubber Plantation Development Scheme' എന്നു കാണാം. അവിടെ ക്ലിക്ക് ചെയ്യുക.
* അപ്പോൾ ലഭിക്കുന്ന ആപ്ലിക്കേഷൻ ഫോമിൽ അപേക്ഷകന്റെ പേര്, ആധാർ നമ്പർ എന്നിവ രേഖപ്പെടുത്തുക. ഒരു സമ്മതപത്രം ഉടൻതന്നെ കാണാവുന്നതാണ്.
* സമ്മതപത്രത്തിനു താഴെയുള്ള `Agree' ബട്ടണിൽ ക്ലിക്ക് ചെയ്യുക.
* ബാക്കി ഭാഗങ്ങൾ ശ്രദ്ധയോടെ പൂരിപ്പിക്കുക.
* അപേക്ഷയുടെ അവസാനം സത്യപ്രസ്താവനയുടെ താഴെ `I Agree' എന്ന ഭാഗത്ത് `tick' ഇട്ട് `submit' ബട്ടണിൽ ക്ലിക്ക് ചെയ്യണം.
* ആധാറുമായി രജിസ്ട്രേഷൻ നടത്തിയിട്ടുള്ള മൊബൈൽ നമ്പരിലേക്ക് `OTP' വരുന്നതാണ്. ആ `OTP' നിശ്ചിത സ്ഥലത്ത് രേഖപ്പെടുത്തണം.
* തുടർന്ന് `Validate' എന്ന ഭാഗത്ത് ക്ലിക്ക് ചെയ്യണം.
* ആധാർ `verify' ചെയ്തു എന്ന മെസേജ് ലഭിക്കുന്നു. തുടർന്ന് `OK' ബട്ടൺ ക്ലിക്ക് ചെയ്യണം.

## രേഖകൾ സമർപ്പിക്കൽ

* സമർപ്പിച്ച അപേക്ഷയുടെ അവസാനഭാഗത്ത് `Attach Annexure' എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക.
* രേഖകൾ സമർപ്പിക്കാനുള്ള ഭാഗം അപ്പോൾ കാണാവുന്നതാണ്.

* കംപ്യൂട്ടർ `desktop'ൽ സ്കാൻ ചെയ്ത് സൂക്ഷിച്ചിട്ടുള്ള രേഖകൾ ഒന്നൊന്നായി അപ്‌ലോഡ് ചെയ്യുക.
* അവസാനം താഴെ ഭാഗത്തുള്ള `Save Enclosure' എന്ന ബട്ടൺ ക്ലിക്ക് ചെയ്യുക. അപേക്ഷ, അനുബന്ധരേഖകൾ എന്നിവയെല്ലാം സംബന്ധിച്ച വിവരങ്ങൾ അപ്പോൾ ലഭ്യമാകും.
* അതിനുശേഷം താഴെയുള്ള `submit' ബട്ടൺ ക്ലിക്ക് ചെയ്യുക.
* അപ്പോൾ `Application acknowledgement' എന്ന ഭാഗം കാണാവുന്നതാണ്. അവിടെ അപേക്ഷാ സൂചനാ നമ്പർ കാണാം. `Acknowledgement' -ന്റെ ഒരു പ്രിന്റ് എടുത്ത് സൂക്ഷിക്കുക.
* ഇത്രയും ചെയ്തു കഴിയുമ്പോൾ അപേക്ഷസമർപ്പണം പൂർത്തിയാകുന്നതാണ്.
* സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും കുറവുകളുണ്ടെങ്കിൽ അപേക്ഷകന് അത് തിരിച്ചയയ്ക്കുന്നതായിരിക്കും. അപ്പോൾ രജിസ്ട്രേഷൻ ഐഡിയും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തശേഷം കുറവുകൾ പരിഹരിച്ച് വീണ്ടും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

**ശ്രദ്ധിക്കേണ്ട മറ്റുകാര്യങ്ങൾ**

* സമർപ്പിക്കേണ്ട രേഖകൾ ആദ്യം സംഘടിപ്പിക്കുക. അപ്‌ലോഡിങ് നടത്താനുപയോഗിക്കുന്ന കംപ്യൂട്ടറിൽ രേഖകളുടെ സ്കാൻ ചെയ്ത കോപ്പികൾ സേവ് ചെയ്ത് റെഡിയാക്കുക.
* മൊബൈൽ ഫോൺ, ആധാർ കാർഡ് തുടങ്ങിയവ കൈയ്യിൽ കരുതുക.
* മൊബൈൽ നമ്പർ ആധാറുമായി ലിങ്കുചെയ്തിരിക്കണം.
* സ്വന്തമായി ഇ-മെയിൽ ഐഡി ഉണ്ടായിരിക്കണം.
* പല ക്ലോണുകൾ (multiclone) കൃഷി ചെയ്തിട്ടുള്ള കർഷകർ `others'ൽ ക്ലിക്ക് ചെയ്തശേഷം `remarks'-ൽ ക്ലോണുകളുടെ വിവരങ്ങൾ ചേർക്കുക.
* ഒരേ വർഷം പല വില്ലേജുകളിൽ കൃഷി ചെയ്തിട്ടുണ്ടെങ്കിൽ ഓരോ വില്ലേജിലെ തോട്ടത്തിനും പ്രത്യേകം അപേക്ഷ നൽകണം. ഓരോ അപേക്ഷയിലും മറ്റേ വില്ലേജിലെ കൃഷിയെ സംബന്ധിച്ച വിവരങ്ങൾ ചേർക്കുകയും വേണം.
* മീഡിയം ടേം എക്സ്പെൻഡിച്ചർ ഫ്രെയിംവർക്ക് (MTEF) പീരിയഡിൽ (2017 മുതൽ 2021 വരെ) ഒരു കർഷകന് ഒരു ഹെക്ടർ സ്ഥലത്തിന് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ. അതിനാൽ 2017, 2018, 2019 വർഷങ്ങളിൽ റബ്ബർകൃഷിക്ക് ധനസഹായം ലഭിച്ച കർഷകർക്ക് ബാക്കി സ്ഥലത്തിന് മാത്രമേ ധനസഹായം ലഭിക്കുകയുള്ളൂ. ●